# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി: 03.02.2020

### സംസ്ഥാനത്തെ ഏറ്റവും വലിയ പരിഹാര വനം പൂർത്തിയാവുന്നു; കൈമാറ്റം മേയിൽ

മരം മുറിച്ച് മാറ്റുന്നതിന് പരിഹാരമായി വച്ചുപിടിപ്പിച്ച സംസ്ഥാനത്തെ ഏറ്റവും വലിയ വനം കഴക്കൂട്ടം സൈനിക് സ്കൂളിൽ പൂർത്തിയാവുന്നു. സൈനിക് സ്കൂളിലെ അൻപത്തി ഒന്ന് ഏക്കറിൽ വനംവകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ നേതൃത്തിൽ തയ്യാറാക്കിയ പരിഹാരവനം മെയ്മാസത്തിൽ സ്കൂളിന് കൈമാറുമെന്ന് മുഖ്യവനം മേധാവി പി കെ കേശവൻ അറിയിച്ചു.

കഴക്കൂട്ടം മുക്കോല ദേശീയപാത ബൈപാസിനായി സ്ഥലം ഏറ്റെടുത്ത സമയത്ത് മുറിച്ച് മാറ്റിയ 4500 വൃക്ഷങ്ങൾക്ക് പരിഹാരമായി സൈനിക് സ്കൂൾ വിട്ടു നൽകിയ 51 ഏക്കറിലാണ് 2016ൽ പരിഹാര വനം വച്ചു പിടിപ്പിച്ചത്. അപൂർവ്വയിനം മരങ്ങളും സസ്യങ്ങളും ഉൾപ്പെടെ ഫല വൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, തടി ആവശ്യത്തിനുപയോഗിക്കാവുന്ന മരങ്ങൾ തുടങ്ങി 38 വ്യത്യസ്ത ഇനം മരങ്ങളും സസ്യലതാദികളുമാണ് ഇവിടെ നട്ടു വളർത്തിയത്.

ലക്ഷ്മിതരു, കമ്പകം, മാവ് , ആര്യവേപ്പ് , ബദാം. കുടമ്പുളി, ഈട്ടി, രക്തചന്ദനം, മന്ദാരം, ഞാവൽ, അശോകം, ഉങ്ങ്, കണിക്കൊന്ന, നെല്ലി, കുമ്പിൾ, മഹാഗണി, പുളി, അകിൽ തുടങ്ങിയ വൃക്ഷങ്ങൾ ഈ പരിഹാര വനത്തിന്റെ ഭാഗമാണ്. മൂന്ന് ഭാഗങ്ങളായി തിരിച്ച് വലിയ കുഴികളുണ്ടാക്കി ഭൂമിയുടെയും മണ്ണിന്റെയും കാലവാസ്ഥയുടെയും പ്രത്യേകതകൾക്കിണങ്ങുന്ന മരങ്ങളുടെ തൈകളും വിത്തുകളും ഇവിടെ നട്ടത്. ദേശീയപാതാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് പരിപാലിക്കുന്ന വനം അടിക്കാടുകളായി വളർന്ന അക്കേഷ്യാ സാന്നിധ്യം കൂടി നിശ്ശേഷം ഇല്ലാതാക്കി മെയ്മാസത്തിൽ സ്കൂളിന് കൈമാറും. പിന്നീടുള്ള പരിപാലനം സ്കൂളിന്റേതായിരിക്കുമെന്നും ഇതിനോടകം തന്നെ ഇവിടം കാടിന്റെ സ്വാഭാവിക അവസ്ഥയിലായി കഴിഞ്ഞതായും സ്ഥലം സന്ദർശിക്കവേ അദ്ദേഹം വ്യക്തമാക്കി.

വനഭൂമി വിട്ടു നൽകിയതിനുള്ള പരിഹാര വനങ്ങൾ സംസ്ഥാനത്തിന്റെ പലഭാഗത്തും നിർമ്മിച്ചിട്ടുണ്ടെങ്കിലും മരം മുറിച്ചു മാറ്റിയതിന് പരിഹാരമായി ഇത്ര വലിയ തോതിൽ വനം നട്ടുപിടിപ്പിച്ചത് കഴക്കൂട്ടത്താണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി മുറിച്ചു മാറ്റപ്പെട്ട 15540 മരങ്ങൾക്ക് പരിഹാരമായി ഇതേ ക്യാമ്പസിൽ 35 ഹെക്ടറിൽ മറ്റൊരു പരിഹാര വനം കൂടി തയ്യാറായി വരികയാണ്. ഇതിൽ 12 ഹെക്ടർ സ്ഥലത്ത് 2018ൽ വ്യത്യസ്ത ഇനങ്ങളിൽ പെട്ട 1250 മരങ്ങൾ നട്ടു പിടിപ്പിച്ചു കഴിഞ്ഞു. നിലവിൽ മൂന്ന് വർഷത്തെ പരിപാലനമാണ് വനം വകുപ്പ് ഇതുവരെ നടത്തി വന്നിരുന്നത്. ഇത് അഞ്ചുവർഷമായി വർധിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ കൊല്ലം, എറണാകുളം, കോഴിക്കോട് മേഖലാ വനം കൺസർവേറ്റർമാരുടെ നേതൃത്വത്തിലാണ് പരിഹാര വനവൽക്കരണം നടപ്പിലാക്കുക. മറ്റു വകുപ്പുകളുമായി സംയോജിച്ച് പരിഹാരവനവൽക്കരണം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും. ഒരു മരം മുറിച്ചാൽ പകരം 10 മരം നടണമെന്നാണ് വ്യവസ്ഥ. ഏത് വകുപ്പാണോ മരം മുറിക്കുന്നത് അവരുടെ ഫണ്ട് ഉപയോഗിച്ചാണ് വനം നിർമ്മിക്കുക.നിലവിൽ സർക്കാർ ഭൂമിയിൽ മാത്രമാണ് ഇത്തരത്തിൽ പരിഹാര വനം വച്ചുപിടിപ്പിച്ചു നൽകുക. സ്ഥലം കൈവശമുള്ള മറ്റു വകുപ്പുകൾക്ക് ഇതിനായി വനം വകുപ്പിനെ സമീപിക്കാം. സംസ്ഥാനത്ത് എവിടെ മരം മുറിച്ചാലും അതിനുള്ള പരിഹാര വനവൽക്കരണം സ്ഥലം ലഭ്യമായ മറ്റൊരിടത്ത് പ്രാവർത്തികമാക്കാമെന്നും മുഖ്യ വനം മേധാവി അറിയിച്ചു.

പലപ്പോഴും പരിഹാരവനവൽക്കരണം കടലാസിൽ മാത്രമായി ഒതുങ്ങി പോകുകയാണ് പതിവ്. സ്ഥലലഭ്യതയുടെ പരിമിതിയാണ് പ്രധാന കാരണം. മരം മുറിക്കുന്നതിന് പകരമായി പത്തിരട്ടി മരം നട്ടുപിടിപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്ന കാര്യം കർശനമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് ആരംഭിച്ചു കഴിഞ്ഞു. ഇതിനായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന കാര്യം പരിഗണിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ**